സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി

മതാപ്പാറ – അയിരൂർ (നിലയ്ക്കൽ ഭദ്രാസനം)

130-ാമത് പെരുന്നാൾ സപ്ലിമെന്റ് 2025

Estd.1895

The Malankara Orthodox Syrian Church
CATHOLICATE OF THE EAST
Diocese of Nilackal

Dr.Joshua Mar Nicodimos
Diocesan Metropolitan
Mob:9446600671

Nilackal Orthodox Diocesan Centre
St.Thomas Aramana
Pazhavangadi P.O., Ranni, Pin- 689673
Pathanamthitta Dist, Kerala, India
Tel : 04735 -224477
e-mail : nilackaldiocese@gmail.com

OL 9/2025 January 22, 2025

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ അയിരൂർ മതാപ്പാറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

ഭാരതത്തിന്റെ അപ്പൊസ്തോലൻ വി. മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ1895-ൽ സ്ഥാപിതവും പരിശുദ്ധ പരുമല തിരുമേനിയുടെ തൃക്കരങ്ങളാൽ വി.ബലിപീഠത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിക്കപ്പെട്ടതുമായ മതാപ്പാറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി 130-ാമത് വലിയ പെരുന്നാൾ ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ ദൈവം തമ്പുരാൻ ഇടവകയിന്മേലും ദേശത്തിന്മേലും ചൊരിഞ്ഞുതന്ന സകല കൃപകളും അനുഗ്രഹങ്ങളും ഓർത്ത് നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. ഓരോ ദേവാലയങ്ങളും ദൈവാരാധനയ്ക്കുള്ള പ്രത്യേക ഇടം എന്നതിനോടൊപ്പം വിവിധ മതസ്ഥരായ ആളുകൾ തമ്മിലുള്ള മതസൗഹാർദ്ദത്തിന്റെയും കൂട്ടായ്മയുടെയും വിശാലമായ കാഴ്ചപ്പാട് ഉണ്ടാക്കുന്ന ഇടങ്ങളും ആയിരിക്കേണ്ടതാണ്. അംഗസംഖ്യയിൽ നിലയ്ക്കൽ ഭദ്രാസനത്തിലെ ഏറ്റം വലുതും ആദ്ധ്യാത്മികതയിൽ മികച്ചു നിൽക്കുന്നതുമായ മതാപ്പാറ ഇടവക ഭദ്രാസനത്തിന് എന്നും അഭിമാനകരമായ ഒരിടവകയാണ്.

130 വർഷങ്ങളുടെ അഭിമാനകരമായ ചരിത്രം അനുസ്മരിക്കുമ്പോൾ നട്ടവരെയും നനച്ചവരെയും ആദ്യകാലം മുതൽ ഇന്നുവരെയും വളർച്ചയിൽ സഹായിച്ച സകലരെയും നന്ദിപൂർവ്വം അനുസ്മരിക്കാം. ആരംഭം മുതൽ ഇന്നെയോളം ഇടവകയിൽ അനുഗ്രഹകരമായ ശുശ്രൂഷ അനുഷ്ഠിച്ചിട്ടുള്ള എല്ലാ ബഹുമാന്യ വൈദികരേയും ഇപ്പോൾ വികാരിയായി സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന അറയ്ക്കമണ്ണിൽ ബഹു.ബിജിൻ തോമസ് ചെറിയാൻ അച്ചന്റെ സമർപ്പണത്തോടുകൂടിയ നേതൃത്വത്തെയും ഇടവകയുടെ കെട്ടുപണിക്കായി അക്ഷീണം പ്രവർത്തിച്ച അത്മായ നേതാക്കളേയും കൃതജ്ഞതയോടെ ദൈവസന്നിധിയിൽ ഓർക്കുന്നു.

വി.മാർത്തോമ്മാ ശ്ലീഹായുടെ മദ്ധ്യസ്ഥത ഇടവകയ്ക്കും ദേശത്തിനും ദൈവീക കൃപകൾ ലഭിക്കുന്നതിനുള്ള മുഖാന്തിരമായി തീരട്ടെയെന്ന് ആശംസിക്കുന്നു.

ശതോത്തര രജത ജൂബിലി പിന്നിട്ട് 130-ാമത് വലിയ പെരുന്നാൾ ആഘോഷിക്കുന്ന ഇടവകയ്ക്ക് സർവ്വവിധ മംഗളങ്ങളും നേരുന്നു.

ദൈവം തമ്പുരാൻ നിങ്ങളേവരേയും വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ !

Mar Nicodimos

ഡോ.ജോഷ്വാ മാർ നിക്കോദീമോസ്
മെത്രാപ്പോലീത്ത

ST THOMAS ORTHODOX VALIYAPALLY
MATHAPPARA, AYROOR

ക്ഷണക്കത്ത്

കർത്താവിൽ പ്രിയരേ,

മലങ്കര സഭയുടെ അഭിമാനമായി ക്രിസ്തുനാഥന്റെ അരുമശിഷ്യൻ വി. മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ 1895 -ൽ സ്ഥാപിതവും പ. പരുമല തിരുമേനി വി. മദ്ബഹായ്ക്ക് അടിസ്ഥാന ശിലയിട്ടതും, അയിരൂർ ദേശത്തിന്റെ വെളിച്ചമായി ശോഭിക്കുന്ന പുണ്യപുരാതനമായ അയിരൂർ മതാപ്പാറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളിയുടെ 130-ാമത് വലിയപെരുന്നാൾ 2025 ഫെബ്രുവരി 2 ഞായർ മുതൽ 8 ശനി വരെ ഭക്തിപുരസ്സരം കൊണ്ടാടുവാൻ ദൈവത്തിൽ ശരണപ്പെടുന്നു. പെരുന്നാൾ ശുശ്രൂഷകൾക്ക് ഇടവക മെത്രാപ്പോലീത്തായും നിലയ്ക്കൽ ഭദ്രാസനാധിപനുമായ അഭി. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ, ഡൽഹി ഭദ്രാസനാധിപൻ അഭി. ഡോ. യൂഹാനോൻ മാർ ദിമത്രയോസ് മെത്രാപ്പോലീത്താ, വന്ദ്യ. കോർ എപ്പിസ്കോപ്പാമാർ, റമ്പാന്മാർ, വൈദീക ശ്രേഷ്ഠർ തുടങ്ങിയവർ നേതൃത്വം നൽകുന്നു. വലിയപെരുന്നാളിന്റെ എല്ലാ ശുശ്രൂഷകളിലും ഭക്തിനിർഭരമായ പ്രദക്ഷിണത്തിലും സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ വിശ്വാസികളായ ഏവരേയും കർത്തൃനാമത്തിൽ സ്വാഗതം ചെയ്യുന്നു.

എന്ന് ഇടവകയ്ക്ക് വേണ്ടി,

വികാരി
ഫാ. ബിജിൻ തോമസ് ചെറിയാൻ
അറയ്ക്കമണ്ണിൽ, തേക്കുംകാട്ടിൽ

കൈസ്ഥാനി
ശ്രീ. വി.റ്റി. തോമസ്
വടക്കേടത്ത്

സെക്രട്ടറി
ശ്രീ. ബാബുക്കുട്ടി നൈനാൻ
പുത്തേത്ത്

പെരുന്നാൾ ജനറൽ കൺവീനർ
ശ്രീ. റെഞ്ചി തോമസ്
വേങ്ങനിൽക്കുന്നതിൽ

ഇടവക പട്ടക്കാർ

വെരി. റവ. റ്റി. എ. ഫിലിപ്പോസ്
തരകൻ കോർഎപ്പിസ്കോപ്പാ
തെങ്ങുംതോട്ടത്തിൽ

വെരി. റവ. തോമസ്
ജോൺസൺ കോർഎപ്പിസ്കോപ്പാ
കൈപ്പള്ളിൽ കോളാകോട്ട്


വെരി. റവ. എം.ഡി.യുഹാനോൻ
റമ്പാൻ കോർഎപ്പിസ്കോപ്പാ
മണൽകണ്ടത്തിൽ

റവ. ഫാ. തോമസ് കെ. ചാക്കോ
കുന്നംകുഴിയിൽ

റവ. ഫാ. സാംസൺ എം. സൈമൺ
മേലേടത്ത് ചുട്ടിപ്പാറയിൽ

റവ. ഫാ. ഷിബിൻ വറുഗീസ്
തെങ്ങുംതോട്ടത്തിൽ
ഊന്നുകല്ലിൽ വടക്കേക്കര

റവ. ഫാ. അഡ്വ. ആൽവിൻ
ഏബ്രഹാം സൈമൺ
ഇളവട്ട കുന്നംകുഴിയിൽ

ഇടവക അംഗം
സിസ്റ്റർ സാറാ
കൈപ്പള്ളിമണ്ണിൽ
(നസ്രേത്ത് കോൺവെന്റ്
കടമ്പനാട്)

സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി, മതാപ്പാറ 130–ാമത് പെരുന്നാൾ നിറവിൽ

പ്രിയരേ,

നമ്മുടെ പൂർവ്വീകന്മാർ പുരാതനകാലം മുതൽ ആരാധന നടത്തിപ്പോന്നത് കോഴഞ്ചേരി പള്ളിയിലും അയിരൂർ പഴയ പള്ളിയിലുമായിരുന്നു. നവീകരണപ്രവണത സഭാന്തരീക്ഷത്തെ കലുഷിതമാക്കി കാറും കോളും ദൃശ്യമായിക്കഴിഞ്ഞിരുന്ന കാലഘട്ടം. നമ്മുടെ പിതാക്കന്മാരുടെ ഹൃദയത്തെ ഈ ദുഃസ്ഥിതി നൊമ്പരപ്പെടുത്തി. ആത്മാഭിമാനത്തോടുകൂടി ഓർത്തഡോക്സ് സഭാ ജീവിതം നയിക്കുന്നതിനും മറ്റും ഒരു പട്ടക്കാരനും ഒരു പള്ളിയും ആവശ്യമാണെന്നുള്ള ബോദ്ധ്യം അവരിൽ അങ്കുരിക്കുകയും ചെയ്തു. ആ ബോദ്ധ്യത്തിൽ നിന്നും ഉളവായ ചിന്തയുടെയും ആലോചനയുടെയും ഫലമായിട്ടാണ് തെങ്ങുംതോട്ടത്തിൽ അബ്രഹാം വൈദിക സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതും, മതാപ്പാറ പള്ളി പ്രതിഷ്ഠയും.

പള്ളി സ്ഥാപിക്കുന്നതിനുള്ള അനുവാദം ലഭിച്ചതിനെ തുടർന്ന് ഇപ്പോൾ പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരു താൽക്കാലിക വെട്ടിക്കെട്ട് ഉണ്ടാക്കി, പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കല്പനപ്രകാരം 1070 മകരം 26–ാം തീയതി ചെങ്ങന്നൂർ പൂവത്തൂർ യാക്കൂബ് കത്തനാർ, മാവേലിൽ ഗീവർഗീസ് കത്തനാരുടെയും സഹകരണത്തിൽ കുരിശുവെച്ച് ആദ്യ വി. കുർബ്ബാന അർപ്പിച്ചു. പുതിയ പള്ളിയുടെ ത്രോണോസിന്റെ കല്ലിടീൽ കർമ്മം പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി 1072 മകരം 27 ന് നിർവഹിച്ചു. അന്നേദിവസം തന്നെ ബഹു.ശിമോൻ അബ്രഹാം കത്തനാർക്ക്(വല്യച്ചന്) തിരുമേനി കോർ എപ്പിസ്കോപ്പാ സ്ഥാനം നൽകി ബഹുമാനിക്കുകയും ചെയ്തു. 1089– ൽ നിരണം കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ കല്ലാശ്ശേരിൽ ഗീവറുഗീസ് തിരുമേനി കുണ്ടറ സെമിനാരിയുടെ പണപ്പിരിവിന് മതാപ്പാറ പള്ളിയിൽ എഴുന്നെള്ളി ഒരാഴ്ച താമസിച്ചു. സ്വന്ത പട്ടക്കാരൻ ഇല്ലാത്ത മതാപ്പാറ ഇടവകയ്ക്ക് ഒരു വൈദികനുണ്ടാകണമെന്ന ആഗ്രഹം സാന്ദർഭികമായി തിരുമേനിയെ അറിയിച്ചു. തുടർന്നുണ്ടായ ആലോചനയുടെ ഫലമായി അന്ന് ഏഴാം ക്ലാസ്സ് വിദ്യാർത്ഥിയായിരുന്ന തെങ്ങുംതോട്ടത്തിൽ റ്റി.എസ്. എബ്രഹാമിനെ പള്ളിപൊതുയോഗം വൈദിക സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കുകയും മീനമാസം 16–ാം തീയതി മതാപ്പാറ പള്ളിയിൽ വച്ച് തിരുമനസ്സുകൊണ്ട് ശെമ്മാശപ്പട്ടം നൽകുകയും ചെയ്തു. എം.ഡി. സെമിനാരിയിൽ ചേർന്ന് സ്കൂൾ ഫൈനൽ പാസായി. ബിഷപ്പ് ഹീബർ കോളേജിൽ 1926–ൽ ഉപരിപഠനവും പൂർത്തിയാക്കി. 1095 മേടം–5 ന് ശെമ്മാശൻ വിവാഹിതനായി. 1102 വൃശ്ചികം 6 ന് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി കശ്ശീശാ പട്ടം നൽകി. വൃശ്ചികം 13–ാം തീയതി തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ നവപൂജ അർപ്പിച്ചു.

1102– ഇടവം 29 ന് പെന്തിക്കോസ്തി ദിനത്തിൽ ഇടവക മെത്രാപ്പോലീത്തായുടെ കല്പന പ്രകാരം മതാപ്പാറ ഇടവക വികാരിയായി അച്ചൻ ചുമതലയേറ്റു. ഈ കാലഘട്ടത്തിൽ മതാപ്പാറ പള്ളി വികാരിത്വത്തിനു പുറമെ ചെമ്പന്മുഖം, കുറ്റിയാനി , തോട്ടമൺ, കീക്കൊഴൂർ, വയലത്തല, കാട്ടൂർ, വഞ്ചിത്ര, മാരാമൺ എന്നീ പള്ളികളുടെ വികാരി ആയും ചുമതല വഹിച്ചു. മതാപ്പാറ പള്ളിയുടെ പണിക്കുറവുകൾ പരിഹരിക്കുക, പള്ളിപുരയിടത്തി നുചുറ്റും മതിൽ കെട്ടിക്കുക, മതാപ്പാറ കുരിശടി സ്ഥാപിക്കുക, എം.ഡി.പ്രൈമറി സ്കൂൾ പുതുക്കി പണിയിക്കുക എന്നിവ ഇടവകക്കാരുടെ ആത്മാർത്ഥമായ സഹകരണത്തോടെ ബഹു.അച്ചൻ നിർവഹിച്ചു. പ്രസ്തുത കുരിശടിയുടെ കൂദാശ പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കതോലിക്കാ ബാവാ തിരുമേനി 1952 ഏപ്രിൽ 21 ന് ബഹു.ടി.എസ്.ഏബ്രഹാം കത്തനാരുടെ പട്ടത്വ രജതജൂബിലിയോട് അനുബന്ധിച്ച് നിർവ്വഹിച്ചു. ബഹു.അച്ചന്റെ രജത ജൂബിലി ഇടവക ആഡംബരപൂർവ്വം കൊണ്ടാടി. പരിശുദ്ധ മോറാൻ മാർ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി മതാപ്പാറ പള്ളിയിൽ എഴുന്നെള്ളി ഒരാഴ്ച താമസിക്കുകയും കഷ്ടാനുഭവ ആഴ്ച ശുശ്രൂഷ നടത്തുകയും, ഉയിർപ്പ് പെരുനാളിനോടനുബന്ധിച്ച് ജൂബിലേറിയന് കോർ എപ്പിസ്ക്കോപ്പാ സ്ഥാനം നൽകി അനുഗ്രഹിക്കുകയും ചെയ്തു. 1957 ആഗസ്റ്റ് മുതൽ 1960 ആഗസ്റ്റ് വരെ കാതോലിക്കാ ബാവായുടെ കല്പന പ്രകാരം റ്റി.എസ്. ഏബ്രഹാം അച്ചൻ മലേഷ്യാ, സിംഗപ്പൂർ എന്നീ പള്ളികളുടെ വികാരിയായി സേവനം നിർവഹിച്ചിട്ടുമുണ്ട്. ബഹു. അച്ചന്റെ അഭാവത്തിൽ ഓലിയ്ക്കൽ എം.എം.മാത്യൂസ് കത്തനാർ, വെള്ളാട്ടേത്ത് വി.സി.ഏബ്രഹാം കത്തനാർ എന്നിവർ വികാരിമാരായി സേവനം അനുഷ്ഠിച്ചു. പലകാലങ്ങളായി ബഹുമാന്യരായ കുലത്താക്കൽ തോമസ് കോർ എപ്പിസ്കോപ്പാ, പന്തളത്ത് തോമസ് കത്തനാർ, വി.ജെ. ഗബ്രിയേൽ കത്തനാർ, കെ.വി.ജോർജ് കത്തനാർ, വി.കെ.ജോസഫ് കത്തനാർ, പി.കെ.വർഗീസ് കത്തനാർ, സി.ജെ.ഉമ്മൻ കത്തനാർ, കാവുതിയിൽ സ്കറിയാ കത്തനാർ, തോട്ടമൺ വറുഗീസ് കത്തനാർ, ആശാര്യേത്ത് അബ്രഹാം കത്തനാർ, വേങ്ങൽ ജോർജ് കത്തനാർ, വി.ടി.ജോർജ്ജ് കത്തനാർ എന്നിവർ ഇവിടെ സഹായ പട്ടക്കാരായി സേവനം അനിഷ്ഠിച്ചിട്ടുണ്ട്. പഴയ പള്ളിയുടെ കൂദാശ 1966 ഫെബ്രുവരി മാസം പെരുന്നാളിനോടനുബന്ധിച്ച് പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ ദാനിയേൽ മാർ പിലക്സിനോസിന്റെയും അഭിവന്ദ്യ ഏബ്രഹാം മാർ ക്ലീമ്മീസ് മെത്രാപ്പോലിത്തായുടെയും സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു. 1975 ന് ശേഷം ഇന്നോളമുള്ള കാലഘട്ടത്തിൽ പള്ളിയുടെ വികസനാർത്ഥം ആവശ്യമായ പല കാര്യങ്ങളും ചെയ്തുതീർക്കാൻ ദൈവം തമ്പുരാൻ സഹായിച്ചു. പഴയ മദ്ബഹാ ഹൈക്കലായിൽ ഉൾക്കൊള്ളത്തക്കവിധം പുതിയ മദ്ബഹാ കിഴക്കോട്ടു മാറ്റി പണിയുവാൻ തീരുമാനിച്ചതിനേത്തുടർന്ന് ആവശ്യമായ സ്ഥലം തീറായി എഴുതി വാങ്ങുകയും പുതിയ മദ്ബഹായുടെ വാനം പണിയുടെ ഉദ്ഘാടനം 1976 ജൂൺ 29–ാം തീയതി ശ്ലീഹാ പെരുന്നാൾ ദിവസത്തിൽ തുടങ്ങുകയും, മദ്ബഹായുടെ കൂദാശ 1977 നവംബർ 26–ാം തീയതി ശനിയാഴ്ച ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ ദാനിയേൽ മാർ പീലക്സിനോസ് തിരുമനസ്സിലെ നിർദ്ദേശപ്രകാരം കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനി അനേക വൈദികരുടെ സഹകരണത്തിൽ നിർവഹച്ചു. 31.10.1984–ൽ തെങ്ങുംതോട്ടത്തിൽ ടി.എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പാ ഇഹലോക വാസം വെടിഞ്ഞു. മതാപ്പാറ പള്ളിയ്ക്കകത്ത് തന്റെ പിതാമഹന്റെ കല്ലറയിൽ അടക്കം ചെയ്തു.

തേക്കുങ്കൽ കുരിശടി നിർമ്മാണം പൂർത്തി ആയതിനേത്തുടർന്ന് അതിന്റെ കൂദാശ 29.10.1988 ൽ ഭദ്രാസന മെത്രാപ്പോലീത്താ അഭി. ദാനിയേൽ മാർ പീലക്സിനോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ അഭി. ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി നിർവ്വഹിച്ചു 1994 ൽ പള്ളിയുടെ ഒരു വർഷം ദീർഘിക്കുന്ന ശതാബ്ദി ആഘോഷം നടത്തുകയുണ്ടായി. പുതുതായി വാങ്ങിയ പുരയിടത്തിൽ ശതാബ്ദി സ്മാരക പാരീഷ് ഹാളിന്റെ നിർമ്മാണം ആരംഭിച്ചു. 1998 ഡിസംബർ 20 ന് പണി പൂർത്തിയാക്കി തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് കൂദാശ നടത്തി. 2001 ഡിസംബറിൽ പള്ളിയുടെ മുഖവാരത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 14.02.2004 ൽ പുതുക്കി പണി തീർത്ത പള്ളിയുടെ പുനഃപ്രതിഷ്ഠ ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി നിർവ്വഹിക്കുകയുംചെയ്തു. 2007 സെപ്റ്റംബർ 23–ാം തീയതി പുതുക്കി പണിത മതാപ്പാറ കുരിശുംതൊട്ടിയുടെ കൂദാശ ഭദ്രാസന മെത്രാപ്പോലീത്ത നിർവ്വഹിച്ചു മതാപ്പാറ പള്ളിസ്ഥാപനം മുതൽ ഇന്നോളം ഞായറാഴ്ച വി.കുർബ്ബാന, കഷ്ടാനുഭവാഴ്ച ശുശ്രൂഷകൾ, സഭയുടെ പ്രധാനപ്പെട്ട എല്ലാദിവസങ്ങളിലുമുള്ള ആരാധനകൾ എന്നിവ മുടക്കം കൂടാതെ നടത്താൻ നൽകിയ കൃപയ്ക്കായി ദൈവത്തെ സ്തുതിക്കുന്നു പരിശുദ്ധ കന്യകമറിയാമിന്റെയും പരിശുദ്ധ പിതാക്കന്മാരുടെയും പ്രാർത്ഥന നമുക്ക് കാവലും കോട്ടയും ആയിത്തീരട്ടെ.

വെരി റവ. റ്റി. എ. ഫിലിപ്പോസ് തരകൻ കോർഎപ്പിസ്കോപ്പ
തെങ്ങുംതോട്ടത്തിൽ

സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി, മതാപ്പാറ പെരുന്നാൾ ആശംസകൾ....

അയിരൂർ മതാപ്പാറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളിയുടെ 130–ാമത് പെരുന്നാളിനോട് അനുബന്ധിച്ച് ഒരു സപ്ലിമെന്റ് പ്രസിദ്ധീകരിക്കുന്നു എന്നതിൽ ഏറ്റവും സന്തോഷിക്കുന്നു. 130 വർഷങ്ങൾക്കു മുമ്പ് ഒരു ദേവാലയം പടുത്തുയർത്തുക എന്നത് വളരെ ആയാസകരമായ ഒരു കാര്യമാണ്. ആയതിന് നേതൃത്വം നൽകിയ ഏവരേയും ദൈവസന്നിധിയിൽ നന്ദിയോടെ സ്മരിക്കാം. അവരുടെ ദൈവാശ്രയവും സഭാസ്നേഹവും, ത്യാഗസന്നദ്ധതയും പുതിയ തലമുറയ്ക്ക് മാർഗ്ഗദീപമായിരിക്കട്ടെ.

പരിശുദ്ധ പരുമല കൊച്ചുതിരുമേനിയുടെ തൃക്കരങ്ങളാൽ ശിലാസ്ഥാപനം നടത്തിയ ദേവാലയം ഇന്ന് മലങ്കര സഭയിലെയും പ്രത്യേകാൽ നിലയ്ക്കൽ ഭദ്രാസനത്തിലെയും പ്രമുഖ ദേവാലയങ്ങളിൽ ഒന്നാണ്. ആത്മീയമായും ഭൗതികമായും ഈ ഇടവകയ്ക്ക് വലിയ നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. ദേവാലയം ദേശത്തിന് മുഴുവൻ പ്രകാശഗോപുരമായി ശോഭിക്കുന്നു. കാലത്തിന്റെ പ്രയാണത്തിൽ രണ്ടു ദേവാലയങ്ങൾക്ക് മാതാവായിത്തീരുവാൻ ഇടവകയ്ക്ക് കഴിഞ്ഞു. കുരിശുമുട്ടം സെന്റ് സ്റ്റീഫൻസ്, ഇടപ്പാവൂർ സെന്റ് ഗ്രിഗോറിയോസ് എന്നീ പള്ളികൾ തന്നെ. ശ്രേഷ്ഠരായ വൈദിക നിരയും, ആത്മായ പ്രമുഖരും ഈ ആലയത്തിന്റെ അരുമസന്താനങ്ങളായി ശോഭിച്ചു ഇന്നും സഭയ്ക്ക് മുതൽക്കൂട്ടായിരിക്കുന്നു. ഈ ദേവാലയത്തിൽ നിന്നും പ്രാപിച്ച ആത്മീയ ചൈതന്യം അനേകം കുടുംബങ്ങൾക്ക് വെളിച്ചവും മാർഗ്ഗദീപവുമായി ഭവിച്ചുവരുന്നു. കാലാകാലങ്ങളിൽ അനേകം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ഇടവകയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇടവകയിലെ ആബാലവൃത്തം ജനങ്ങൾക്കും ദേശനിവാസികൾക്കും ആശ്വാസകേന്ദ്രമായി നാടിന് തിലകക്കുറിയായി തുടർന്നും പ്രശോഭിക്കുവാൻ ഈ ദേവാലയത്തിന് കഴിയട്ടെ. അഗതികളെയും അശരണരെയും ചേർത്തുപിടിക്കുന്ന സമൂഹത്തിന് നന്മപകരുന്ന തേജോഗോളമായി ശോഭിക്കുവാൻ ഈ ആലയത്തിനും ജനങ്ങൾക്കും ദൈവം കൃപ നൽകട്ടെ.

ബഹു. വികാരി ബിക്കു അച്ചനും ഭരണസമിതി അംഗങ്ങൾക്കും സംഘാടകർക്കും ആത്മീയ സംഘടനാ പ്രവർത്തകർക്കും അഭിനന്ദനങ്ങൾ നേരുന്നു. ഈ വർഷത്തെ പെരുന്നാൾ ഏറ്റം അനുഗ്രഹകരമായിത്തീരുവാൻ പ.ദൈവമാതാവിന്റെയും പ.മാർത്തോമ്മാ ശ്ലീഹായുടെയും പ.പരുമല മാർ ഗ്രിഗോറിയോസിന്റെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയും മദ്ധ്യസ്ഥതയും കാവലും കോട്ടയുമായിത്തീരട്ടെ.

വെരി. റവ. തോമസ് ജോൺസൺ കോർ എപ്പിസ്കോപ്പ
കൈപ്പള്ളിൽ കോളാകോട്ട്

ഇടവക വികാരി
റവ. ഫാ. ബിജിൻ തോമസ് ചെറിയാൻ
അറയ്ക്കമണ്ണിൽ, തേക്കുംകാട്ടിൽ



ഇടവക ട്രസ്റ്റി
ശ്രീ. വി. റ്റി. തോമസ്
വടക്കേടത്ത്

ഇടവക സെക്രട്ടറി
ശ്രീ. ബാബുക്കുട്ടി നൈനാൻ
പുത്തേത്ത്

പെരുന്നാൾ ജനറൽ കൺവീനർ
ശ്രീ. റെഞ്ചി തോമസ്
വേങ്ങനിൽക്കുന്നതിൽ

ഇടവക മാനേജിംഗ് കമ്മിറ്റി മെമ്പേഴ്സ്

എഡിറ്റോറിയൽ ബോർഡ്



ശ്രീ. ജിൻസ് ജേക്കബ് ഫിലിപ്പ്
തടത്തിൽ ചരുവിൽ
✆ 9947117920

ശ്രീ. റ്റിങ്കു എബി കോശി
കോടിയാട്ട്
✆ 9947736348

ശ്രീ. റിനു മാത്യു
കാരിക്കുടിയിൽ
✆ 9526790579

In loving memory of



Very. Rev. T. S. Abraham Cor-Episcopa
Thengumthottathil, Ayroor (1896-1984)

St. Thomas Orthodox Valiyapally, Mathappara
Vicar: 1927-1982

- Malankara Orthodox Church managing committee member (1935 - 1983).
- Priest trustee of Malankara Orthodox Church (1965 - 1983).
- Headmaster of M.S.S. High School, Thazhakara, Mavelikara (1939 - 1951).
- Headmaster of M.G.M High School, Thiruvalla (1951- 1957).
- Vicar of Malankara Orthodox Churches in Malaysia & Singapore (1957 - 1960).
- Attended the second Vatican Council at Vatican City as Malankara Orthodox Church representative in Sep.-Oct. 1964, and officially met with H.H Pope Paul VI.
- First priest from Malankara Sabha to conduct the Holy Qurbana as well as the first malayali christian marriage in the Middle East on June 24, 1937 at the American Mission Church in Bahrain.

In loving memory of

എം.എം. വർക്കി

എം.എം. മത്തായി

മേലേടത്ത്, മതാപ്പാറ

പെരുന്നാളാശംസകളോടെ

ജോജി & ഫാമിലി, മേലേടത്ത്, മതാപ്പാറ

പെരുന്നാൾ ആശംസകളോടെ...

Robin Mathai & Family
Karimpil

The One Stop Kids Shopping!
for kids for life...
Baby Care
the kids Shoppe
PATHANAMTHITTA 0468-2270620
KOZHENCHERRY 0468-2214460
RANNI 04735-296066

dodos The Extinct Reborn!
കിടിലൻ Fried Chicken കഴിച്ചാലോ...
5% Off
BURGER
FRENCH FRIES
STRIPS
WRAPS

KUNNIRICKKAL BUILDING
OPP. MINI CIVIL STATION
RANNI
Mob: +91 703 437 7670

BLACK & WHITE
WEDDING PHOTOGRAPHY
POOVANMALA
MOB: 9562590111 | 9562594000

20 YEARS OF EXCELLENCE 75+ BRANCHES
DISCOVER PRECISION AT MICROLAB
WHERE EXPERTISE MEETS INNOVATION IN DIAGNOSTICS

LAB | ECG | EEG | NCV | PFT | DIGITAL X-RAY
DENTAL X-RAY | ULTRASOUND | FIBROSCAN
COLOR DOPPLER | CT SCAN | BIOTHESIOMETRY
VETERINARY BLOOD TEST
HOME COLLECTION FACILITY IS AVAILABLE
CALL NOW 9526020000
Microlab Laboratories
CORPORATE OFFICE : M SQUARE BUILDING OPP. DISTRICT GOVT. HOSPITAL, KOZHENCHERRY MOB : 9526207700

MANIMALETHU AGENCIES
ANGADI P.O., RANNY-689 674
Ph: 04735-226305
E-mail: manimalethuagencies@gmail.com
THOMAS UTHUPPAN (Proprietor)
Mob: 9447211642
NITHIN JOSEPH
Mob: 9447440013

Dealers in: Cement, Sanitary, Tiles & Motor Pump Sets

പരുമല തിരുമേനി : മലങ്കര സഭയുടെ പ്രകാശ ഗോപുരം



അയിരൂർ മതാപ്പാറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി 130 വർഷങ്ങൾക്ക് മുമ്പ് 1895 ൽ പ.പരുമല തിരുമേനിയുടെ പുണ്യകരങ്ങളാൽ വി. മദ്ബഹയ്ക്ക് അടിസ്ഥാന ശിലയിട്ട ഈ ദേവാലയം ആ പുണ്യവാന്റെ പാദസ്പർശത്താൽ എന്നെന്നും അനുഗ്രഹീതയാണ്. പ.പരുമല തിരുമേനി മലങ്കര സഭയുടെ പ്രകാശ ഗോപുരമായിരിക്കുന്നതു പോലെ നമ്മുടെ ദേവാലയത്തിന്റെയും സൂര്യകാന്തിയായി ശോഭിക്കട്ടെ എന്ന് 130-ാമത് വലിയ പെരുന്നാൾ മംഗളാശംസകളോടെ ഈ പരിശുദ്ധ ദേവാലയത്തിന്റെ വി. മദ്ബഹയ്ക്ക് കല്ലിട്ട പ.പരുമല തിരുമേനിയെക്കുറിച്ചു തന്നെ ഏതാനും വരികൾ എഴുതട്ടെ.

പരുമലയിൽ എത്തുന്ന വിശ്വാസ സഹസ്രങ്ങൾക്ക് പ.പരുമല കൊച്ചു തിരുമേനി കൊടുക്കുന്ന സന്ദേശം തന്റെ ജീവിതവും അനുഭവങ്ങളുമാണ്. അതുകൊണ്ടു തന്നെ നാനാ ജാതി മതസ്ഥർക്കും ദിവ്യവും പ്രിയങ്കരവുമായ നാമമാണ് പ.പരുമല കൊച്ചുതിരുമേനി എന്നുള്ളത്. മലങ്കര സഭയുടെ പാരമ്പര്യത്തിൽ ഉറച്ചുനിന്നുകൊണ്ട് പ.പരുമല തിരുമേനി സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് പുതിയ രൂപവും ഭാവവും പകർന്നു നൽകി. മിഷൻ പ്രവർത്തനം സംബന്ധിച്ച് തിരുമേനിക്ക് വ്യക്തമായ ഒരു ദർശനം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭരണസീമയിൽ ഉൾപ്പെടുന്ന നിരണം, കൊല്ലം, തുമ്പമൺ ഭദ്രാസനങ്ങളിലെ വൈദികരുടേയും ശെമ്മാശന്മാരുടെയും ഒരു വിശേഷാൽ യോഗം 1892-ൽ പരുമല സെമിനാരിയിൽ വിളിച്ചുകൂട്ടി പ.സഭയെക്കുറിച്ചുള്ള തന്റെ മിഷൻ ദർശനം അവരുമായി പങ്കുവച്ചു. അങ്ങനെ സ്വജാതി മിഷനും വിജാതി മിഷനും ആ പുണ്യപിതാവ് ബീജാവാപം നൽകി.

ആ സമ്മേളനത്തിലെ ശ്രദ്ധേയമായ തീരുമാനങ്ങൾ നാലെണ്ണമാണ്.

1. വി.വേദപുസ്തകം, വിശ്വാസം, പാരമ്പര്യം ഇവ പഠിപ്പിക്കുവാൻ ഓരോ ഇടവകയിലും സണ്ടേസ്കൂളും പ്രാർത്ഥനാ യോഗങ്ങളും നടത്തണം.
2. വൈദികർ ആരാധനാ മദ്ധ്യേ ക്രമമായി പ്രസംഗങ്ങൾ നടത്തണം. അത്മായർ അവരുടെ ജീവിതംകൊണ്ട് ക്രിസ്തുവിനെ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കണം.
3. പ്രസംഗസംഘം ഇടവകകൾ തോറും സന്ദർശിച്ച് പാരിഷ് മിഷൻ നടത്തണം.
4. എല്ലാ പുരോഹിതന്മാരും ചുറ്റുമുള്ള ക്രിസ്തീയരെ സുവിശേഷം അറിയിക്കണം.

ഈ നാലുകാര്യങ്ങളും സഭയുടെ ആത്മീയ വളർച്ച ലക്ഷ്യമാക്കിക്കൊണ്ടുള്ളതായിരുന്നു. ഇതിന് സ്വജാതി മിഷൻ എന്ന് തിരുമേനി നാമകരണം ചെയ്തു. വിജാതീയരെ സഭയിലേക്ക് കൊണ്ടുവരുന്നതിൽ യാഥാസ്ഥിതികരായ സുറിയാനി ക്രിസ്ത്യാനികൾക്ക് ശക്തമായ എതിർപ്പ് ഉണ്ടായിരുന്നു. അതിനെ അവഗണിച്ചുകൊണ്ട് നിരവധി ആളുകളെ വിശ്വാസം പഠിപ്പിച്ചു. വിശ്വാസം സ്വീകരിക്കുന്നവരെ മാമോദീസാ മുക്കി സഭയിൽ ചേർത്തു, അവർക്കു വേണ്ടി പള്ളികളും പള്ളിക്കൂടങ്ങളും പണിയിച്ചുകൊടുത്തു. അവരുടെ ഇടയിൽ സുവിശേഷ പ്രസംഗങ്ങൾ നടത്തി. ഇതിന് വിജാതി മിഷൻ എന്നും തിരുമേനി നാമകരണം ചെയ്തു. അങ്ങനെ ഒരു ശതാബ്ദം മുമ്പ് പരുമല തിരുമേനി ആരംഭിച്ച സ്വജാതി മിഷനും വിജാതി മിഷനും പുത്തൻ ശൈലി ഉൾക്കൊണ്ട് ഇന്നു സഭയുടെ മിഷൻ ബോർഡായി രൂപം പ്രാപിച്ചു. പരുമല തിരുമേനി ജീവിച്ചിരുന്നപ്പോൾ സ്വജാതീയരെയും വിജാതീയരെയും ഒരുപോലെ സ്നേഹിച്ചു. ദൈവിക സ്നേഹം അവർക്ക് പകർന്നു നൽകി. അവരെ ദൈവീകരാക്കി തീർക്കാൻ വേണ്ടി താൻ സ്വയം ദൈവികനായി. അതുകൊണ്ട് തന്നെയാണ് നാനാജാതി മതസ്ഥരായ ആളുകൾ പ.പരുമല തിരുമേനിയുടെയും കബറിട സന്നിധിയിലേക്ക് ഇന്നും ഒഴുകിയെത്തുന്നത്.

മാനവരാശിയുടെ രക്ഷയെ പ്രതി കാൽവറി ക്രൂശിൽ മൂന്ന് ആണിമേൽ ക്രൂശിതനായി മരിച്ച് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുനാഥനാണ് പരുമല തിരുമേനിയുടെ സർവ്വസ്വവും. ആ ക്രിസ്തുവിനോടുള്ള വലിയ സ്നേഹത്തെപ്രതിയും വിശ്വമാനവികതയെപ്രതിയും ആത്മശുദ്ധീകരണത്തിലൂടെ തിരുമേനി മെഴുകുതിരി പോലെ സ്വയം കത്തിയെരിഞ്ഞു. 1902 നവംബർ 2-ാം തീയതി ഞായറാഴ്ച കാലത്ത് കലശലായ രോഗം മൂലം കഠിനമായ വേദന അനുഭവപ്പെട്ടപ്പോൾ കൊച്ചുതിരുമേനി കന്തീലാശുശ്രൂഷ സ്വീകരിക്കുകയും, വി.കുർബാന അനുഭവിക്കുകയും ചെയ്തു. മരണത്തിന് അല്പം മുമ്പുവരെ നല്ല സുബോധം ഉണ്ടായിരിക്കുന്നു. തന്റെ ജീവിതാന്ത്യത്തെപ്പറ്റിയും തിരുമേനിക്ക് അറിവുണ്ടായിരുന്നു. ശയ്യാവലംബിയായി വേദന സഹിച്ചു കിടന്നിരുന്ന തിരുമേനി ഇനി രണ്ടു ദിവസം കൂടി വേദന സഹിക്കണമല്ലോ എന്നു പറയുകയുണ്ടായി. ഇതു പറഞ്ഞതിന്റെ രണ്ടാം ദിവസം അതായത് 1902 നവംബർ മാസം 2-ാം തീയതി ഞായറാഴ്ച അർദ്ധരാത്രി ഒരു മണിക്കാണ് തിരുമേനി നിത്യതയിലേക്ക് പ്രവേശിച്ചത്. പരുമല പള്ളിയുടെ വി.മദ്ബഹായുടെ വടക്കുഭാഗത്ത് തിരുമേനി നേരത്തെ ചൂണ്ടിക്കാണിച്ചു കൊടുത്തിരുന്ന സ്ഥലത്ത് നവംബർ 4-ാം തീയതി ചൊവ്വാഴ്ച തിരുമേനിയുടെ വിശുദ്ധമായ ഭൗതിക ശരീരം സംസ്കരിച്ചു. കഴിഞ്ഞ 122 വർഷങ്ങളായി ജാതി - മത - വർഗ്ഗ - വർണ്ണ വ്യത്യാസമെന്യേ അനേകായിരങ്ങൾ കണ്ണുനീരോടെ അനുഗ്രഹങ്ങൾ തേടി പരുമല കയറി എത്തുന്നു. അവരെല്ലാം അനുഗ്രഹം പ്രാപിച്ച് ധന്യരായി തിരികെ പോകുന്നത് നിത്യകാഴ്ചയാണ്.

വെരി റവ. എം. ഡി. യൂഹാനോൻ റമ്പാൻ കോർഎപ്പിസ്കോപ്പ
(മണൽകണ്ടത്തിൽ)

സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി, മതാപ്പാറ പെരുന്നാൾ ആശംസകൾ....

പ്രിയമുള്ളവരെ,

മലങ്കരയുടെ മഹാപരിശുദ്ധനായ പരുമല കൊച്ചുതിരുമേനിയുടെ തൃക്കരങ്ങളാൽ ശിലാ സ്ഥാപനം ചെയ്യപ്പെട്ട് ശ്രേഷ്ഠരായ പിതാക്കന്മാരുടേയും വിശ്വാസധീരരായ അത്മായരുടേയും നേതൃത്വത്തിൽ വളർന്നുവന്ന എന്റെ മാതൃദേവാലയം അമൂല്യമായ 130 വർഷങ്ങൾ പിന്നിട്ട് മലമേൽ ശോഭിക്കുന്ന വിളക്കായി അയിരൂരിന്റ ശീതളഛായയിൽ പരിലസിക്കുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ഭാരതത്തിന്റെ അപ്പോസ്തോലനായ പരിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ നാമധേയത്തിൽ സ്ഥാപിതമായിരിക്കുന്ന ഈ ദേവാലയം, എന്റെ ആദ്ധ്യാത്മീയ ജീവിതത്തിൻറ ശ്രോതസ്സും വഴികാട്ടിയുമാണ്. പൗരസ്ത്യ ആരാധനയുടെ ജീവനും തുടിപ്പും പകർന്നുതന്ന ആദ്ധ്യാത്മീകതയുടെ വറ്റാത്ത ഉറവയാണ് എനിക്ക് എന്റെ ദേവാലയം. ഈ അമ്മയുടെ മടിയിൽ വളർന്ന് പന്തലിച്ച അനേക ശ്രേഷ്ഠ പുരോഹിതരും പരിശുദ്ധസഭയുടെ വിശ്വാസങ്ങളുടേയും, പാരമ്പര്യങ്ങളുടേയും, ആചാരാനുഷ്ഠാനങ്ങളുടേയും ആദ്യാക്ഷരങ്ങൾ പകർന്നു നൽകിയ സൺഡേസ്കൂൾ അദ്ധ്യാപകരുമാണ് എന്നെ വഴിനടത്തിയവർ. വേദനയിലും നിരാശയിലുമിരിക്കുന്നവർക്ക് ആശ്വാസത്തിന്റെ തുറമുഖമായി, അന്ധകാരത്തിലിരിക്കുന്നവർക്ക് പ്രകാശത്തിന്റെ കിരണമായി, ഭയചകിതരായവർക്ക് ദൈവത്തിന്റെ നിറസാന്നിദ്ധ്യമായി, ദൈവം വസിക്കുന്ന ആലയമായി തുടർന്നും പരിലസിച്ച് അനേകർക്ക് രക്ഷയുടെ കവാടമായി നിറഞ്ഞുനിൽക്കുവാൻ സർവ്വശക്തനായ ദൈവം ഈ ദേവാലയത്തിനു സംഗതി വരുത്തട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഇടവകയുടെ പെരുന്നാൾ ആഘോഷങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം
മനോജച്ചൻ
(ഫാ. തോമസ് കെ. ചാക്കോ
കുന്നംകുഴിയിൽ)

വി. തോമയുടെ സാക്ഷ്യ ജീവിതപാത നമ്മെ വിശുദ്ധീകരിക്കട്ടെ

ക്രിസ്തുയേശുവിന്റെ പുനരുത്ഥാന സംഭവങ്ങളിൽ നിർബന്ധ ബുദ്ധിയോടെ നിലപാടുകളിൽ ഉറച്ചു നിൽക്കുന്ന തോമാശ്ലീഹയെ വേദപുസ്തകം കാണിച്ചു തരുന്നുണ്ട്. സംശയാലുവിന്റെ സവിശേഷതകളെക്കാൾ ഉദ്ധിതക്രിസ്തുവിൽ നിന്നു നേരിട്ട് തനിക്കൊരു ക്രിസ്ത്യനുഭവം വേണമെന്നുള്ള ഉറപ്പായിരുന്നു അത്.. അങ്ങനെ തന്റെ സുവിശേഷ പ്രേഷിത പ്രവർത്തനത്തിൽ തുടക്കം കുറിച്ച ഉറപ്പ് ലഭിച്ചത് കേട്ടറിഞ്ഞതോ കണ്ടറിഞ്ഞതോ അല്ലാ സ്പർശനത്തിലൂടെ അനുഭവമാക്കിയതാണ്. നമ്മൾ ആർജിക്കുന്ന കേൾവികൾക്കും അറിവുകൾക്കുമപ്പുറം ക്രിസ്തു നമ്മളോരോരുത്തരുടെയും വിശുദ്ധ അനുഭവമായി മാറട്ടെ.

അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ സാക്ഷിക്കുവാൻ രക്തസാക്ഷിയായ മാർത്തോമ്മ ശ്ലീഹാ കാണിച്ച ക്രിസ്തുജീവിതനടവഴികൾ നമ്മളെയും മഹത്വത്തിലേക്ക് നയിക്കട്ടെ. നമ്മുടെ ക്രിസ്തീയ ജീവിതത്തിന് മാതൃകയാകട്ടെ . വി.മാർത്തോമ്മാ ശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ, പ.പരുമല തിരുമേനിയുടെ കൈകളാൽ നട്ടു, കഴിഞ്ഞ 130 വർഷമായി അയിരൂരിന്റെ മണ്ണിൽ നമ്മുടെ പൂർവികരുടെ സത്യവിശ്വാസ ജീവിതത്തിന്റെ നേരടയാളമായി പ്രകാശിക്കുന്ന മതാപ്പാറ സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളി പെരുന്നാൾ ദേശത്തെയും നമ്മളെയും ശുദ്ധീകരിക്കട്ടെ .. **പെരുന്നാൾ ആശംസകൾ....**

ആദരവോടെ,

ഫാ. സാംസൺ എം. സൈമൺ
മേലേടത്ത് ചുട്ടിപ്പാറയിൽ

പെരുന്നാൾ സപ്ലിമെന്റ് കമ്മിറ്റി

ഇടവക യുവജനപ്രസ്ഥാനം

പെരുന്നാൾ ആശംസകൾ....

മലങ്കര സഭയുടെ അപ്പോസ്തോലനും കാവൽ പിതാവുമായ മാർത്തോമാ ശ്ലീഹായുടെ നാമത്തിൽ പരിശുദ്ധ പരുമല തിരുമേനിയുടെ തൃക്കരങ്ങളാൽ സ്ഥാപിതമായിരിക്കുന്ന നമ്മുടെ ദേവാലയം 130 വർഷങ്ങൾ പിന്നിടുമ്പോൾ ആത്മീയവും ഭൗതികവുമായ വളർച്ചയിൽ അൽപമായോ അധികമായോ സഹായിക്കുകയും കരുതുകയും ചെയ്ത നമ്മുടെ പൂർവികരെ നന്ദിയോടെ സ്മരിക്കുന്നു.

ഉയർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെ നേരിട്ട് കണ്ട്, സ്പർശിച്ച്, അനുഭവവേദ്യമാക്കിയ വിശുദ്ധ മാർത്തോമാ ശ്ലീഹാ നമ്മുടെ ഇടവകയുടെ സ്വർഗ്ഗീയ മധ്യസ്ഥനും കാവൽ പിതാവുമായി നിലകൊള്ളുകയാണ്. ആ മധ്യസ്ഥയിൽ അഭയപ്പെട്ടുകൊണ്ട് നമുക്ക് ഈ പെരുന്നാളിനെ വരവേൽക്കാം.
ഞാൻ ഉൾപ്പെടെയുള്ള വൈദികരും അനേകരും വിവിധ ശുശ്രൂഷകളിലും പ്രവർത്തന മണ്ഡലങ്ങളിലും സജ്ജമായിരിക്കുന്നത് നമ്മുടെ ഇടവകയിൽ നിന്നും ലഭിച്ച ആത്മീയ ചൈതന്യം മൂലമാണ്. എന്നെ ഞാൻ ആക്കി മാറ്റിയ നമ്മുടെ ഇടവക സഭയ്ക്കും ദേശത്തിനും സമൂഹത്തിനും എന്നും കെടാവിളക്കായി ശോഭിക്കട്ടെ. 130 ാംമത് മാതൃഇടവക പെരുന്നാളിന് പ്രാർത്ഥനാപൂർവ്വമായ ആശംസകൾ നേരുന്നു...

ഫാ. ഷിബിൻ വറുഗീസ്
തെങ്ങുംതോട്ടത്തിൽ ഊന്നുകല്ലിൽ
വടക്കേക്കര

"A Message of Joy and Gratitude

As we celebrate the 130th anniversary of our parish feast, I am filled with immense joy and pride. This milestone marks a rich legacy of orthodox spiritual traditions and fellowship that have been passed down through generations.

We honour the vision and dedication of our forefathers, who laid the foundation for our parish community. We also pay tribute to the priests who have guided us in our spiritual journey.

As we come together to celebrate this momentous occasion, let us cherish the bonds of fellowship and community that unite us. May this feast be a blessing to each and every one of us.

Wishing you all a blessed and joyful year ahead.

Fr. Adv. Alvin Abraham Simon
Elavatta Kunnamkuzhyil



Emi Rachel Abraham
Class: IX

Johan Philip Thomas
Class: V

Julia Mary Simon
Class: VIII

Irene Sara Simon
Class: XI

കാര്യപരിപാടികൾ

2025 ഫെബ്രുവരി 02 (ഞായർ)

7.00 എ.എം.	: പ്രഭാത നമസ്കാരം
8.00 എ.എം.	: വി.കുർബ്ബാന
10.00 എ.എം.	: പെരുന്നാൾ കൊടിയേറ്റ്, പിതൃസ്മൃതി
10.30 എ.എം.	: കൊടിയേറ്റ് (മതാപ്പാറ കുരിശടിയിൽ)
11.00 എ.എം.	: കൊടിയേറ്റ് (തേക്കുംങ്കൽ കുരിശടിയിൽ) ഭവനങ്ങളിൽ കൊടിയേറ്റ്

2025 ഫെബ്രുവരി 06 (വ്യാഴം)

6.00 പി.എം.	: സന്ധ്യാനമസ്കാരം ഗാനശുശ്രൂഷ (ഇടവക ഗായകസംഘം)
7.00 പി.എം.	: വചന ശുശ്രൂഷ റവ.ഫാ. ജോബി ജോസഫ് ജോർജ്ജ് (വികാരി, സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച്, പാടിമൺ)
8.15 പി.എം.	: ആശീർവാദം

2025 ഫെബ്രുവരി 07 (വെള്ളി)

6.00 പി.എം.	: സന്ധ്യാനമസ്കാരം (തേക്കുങ്കൽ കുരിശടിയിൽ) അനുഗ്രഹസന്ദേശം – അഭി.ഡോ.ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ
7.00 പി.എം.	: ഭക്തിനിർഭരമായ പ്രദക്ഷിണം (തേക്കുംങ്കൽ കുരിശടിയിൽ നിന്നും പള്ളിയിലേക്ക് വാദ്യമേളങ്ങളുടെ അകമ്പടിയോടെ)
8.30 പി.എം.	: ശ്ലൈഹിക വാഴ്വ് വാദ്യമേളങ്ങളുടെ ഡിസ്പ്ലേ, ആകാശദീപക്കാഴ്ച്ച, നേർച്ച

2025 ഫെബ്രുവരി 08 (ശനി)

7.00 എ.എം.	: പ്രഭാത നമസ്കാരം
8.00 എ.എം.	: വി.മൂന്നിന്മേൽ കുർബ്ബാന അഭി.ഡോ.യൂഹാനോൻ മാർ ദിമത്രയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ
സഹകാർമ്മികത്വം	: വെരി.റവ.തോമസ് ജോൺസൺ കോർ എപ്പിസ്കോപ്പ (ഇടവകാംഗം, വികാരി, സെന്റ് ജോൺസ് ഓർത്തഡോക്സ് ചർച്ച്, ചെമ്പൻമുഖം) റവ. ഫാ. ഷിബിൻ വർഗീസ് (ഇടവകാംഗം, വികാരി, സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച്, കുറ്റിയാനി)
11.00 എ.എം.	: ശ്ലൈഹീക വാഴ്വ്, കൈമുത്ത്, ഇടവകാംഗങ്ങളായ വൈദീകർക്ക് ആദരവ്, 80 വയസിനു മുകളിലുള്ളവരെ ആദരിക്കൽ, മർത്തമറിയം സമാജം കേന്ദ്ര പരീക്ഷയിൽ വിജയിച്ചവർക്ക് ആദരവ് സൺഡേസ്കൂൾ, യുവജനപ്രസ്ഥാനം സമ്മാനദാനങ്ങൾ നേർച്ചവിളമ്പ്, കൊടിയിറക്ക്